**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 370** **23-01-2025 - ൽ മറുപടിയ്ക്ക്**

**കുണ്ടറ മണ്ഡലത്തിലെ ആർ.കെ.ഐ. പ്രകാരമുള്ള റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | കുണ്ടറ മണ്ഡലത്തിലെ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പ്രകാരമുള്ള റോഡ് നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി പഞ്ചായത്ത് അടിസ്ഥാനത്തിൽ തരംതിരിച്ച് വിശദമാക്കുമോ? | (എ) | കുണ്ടറ മണ്ഡലത്തിൽ ലോക ബാങ്ക് സഹായത്തോടെയുള്ള റീബിൽഡ് കേരള ഇനിഷ്യേറ്റീവ് - PMU മുഖേന നിർവ്വഹിക്കുന്ന പ്രവൃത്തികൾക്ക് ഒന്നും തന്നെ ഭരണാനുമതി നൽകിയിട്ടില്ല. എന്നാൽ 5054-80-800-66 എന്ന ശീർഷകത്തിൽ വകയിരുത്തിയിരുന്ന തുക ഉപയോഗിച്ച് 04.11.2020 ലെ സ.ഉ.(കൈ)നം.170/2020/ത.സ്വ.ഭ.വ, 06.02.2021 ലെ സ.ഉ(കൈ)നം.29/2021/തസ്വഭവ ഉത്തരവുകൾ പ്രകാരം കുണ്ടറ മണ്ഡലത്തിൽ വിവിധ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.<br><br>24.08.2024 ലെ സ.ഉ.(കൈ)നം.111/2024/തസ്വഭവ പ്രകാരം മേൽ ഉത്തരവുകളിലും അനുബന്ധമായി ഇറങ്ങിയ ഉത്തരവുകളിലും 'റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി വകയിരുത്തിയിരിക്കുന്ന തുക' എന്ന പരാമർശം ഒഴിവാക്കി ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നം. | ഗ്രാമ പഞ്ചായത്ത് | പ്രവൃത്തിയുടെ പേര് | പ്രവൃത്തിയുടെ പുരോഗതി |
|---|---|---|---|
| 1 | നെടുമ്പന | പുലിയില കൊച്ചുമണ്ഡക്കാട് പൊയ്ക റോഡ് | 70 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. BC പ്രവൃത്തി ചെയ്യുവാനുള്ള ഒരുക്കങ്ങൾ പൂർത്തിയായിട്ടുണ്ട്. |
| 2 | നെടുമ്പന | പുത്തൻചന്ത-വാറത്ത്മുക്ക് കുളത്തിന്റയും അമ്പാടി ബ്രിക്സ് | എസ്റ്റിമേറ്റിന്റെ ഭാഗമായുള്ള ട്രാഫിക് സർവ്വേ ഡൈനാമിക് കോൺപെനട്രേഷൻ ടെസ്റ്റ് റിസൽട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ സാങ്കേതികാനുമതിയ്ക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഭരണാനുമതിയുടെ കാലാവധി ദീർഘിപ്പിച്ച് ലഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |
| 3 | തൃക്കോവിൽവട്ടം | കോടാലിമുക്ക് ജി.വി.എൽ.പി.എസ് കോഴാലം വെട്ടിക്കുളം റോഡ് (BM&BC). | 70 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. BC പ്രവൃത്തി ചെയ്യുവാനുള്ള ഒരുക്കങ്ങൾ പൂർത്തിയായിട്ടുണ്ട്. |
| 4 | തൃക്കോവിൽവട്ടം | കണിയാംതോട് പ്ലാവിള റോഡ് | 40 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ബഹു.ചീഫ് ടെക്നിക്കൽ എക്സാമിനറുടെ ക്ലിയറൻസ് ലഭിച്ച ടി പ്രവൃത്തി പുരോഗമിക്കുന്നു. |
| 5 | കൊറ്റങ്കര | കൊറ്റങ്കര കിഴക്കേവിള ക്ഷേത്രം – കണ്ണൻ കോളനി ട്രാൻസ്ഫോമർ, പൊയ്കയിൽ മുകളുവിള എസ്.സി.ഡി.യു.പി.എസ് മേക്കോൺ റോഡ് | പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട് |

| | | | |
|---|---|---|---|
| 6 | ഇളമ്പള്ളൂർ | പുനക്കന്നൂർ സന്തോഷ് മുക്ക് കരിപ്പാൻകോണം ഏലാറോഡ് കോൺക്രീറ്റ് | പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട് |
| 7 | കുണ്ടറ | മുളവന കന്നിമേൽമുക്ക് എൻ.എസ്.എസ് കരയോഗം പള്ളിമുക്ക് മുളവന സ്കൂൾ ജംഗ്ഷൻ റോഡ് | 95 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. റീവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്നു. പാർട്ട് ബിൽ സമർപ്പിച്ചിട്ടുണ്ട്. |
| 8 | കുണ്ടറ | എം.ജി.ഡി കുരിശ്ശടി രാമൻകുന്ന് നെടുമ്പായിക്കുളം റെയിൽവേ ഗേറ്റ് റോഡ് | പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഫൈനൽ ബിൽ സമർപ്പിച്ചിട്ടുണ്ട്. |
| 9 | കുണ്ടറ | കുണ്ടറ പഞ്ചായത്തിലെ നിരപ്പുവിള കുറ്റിപ്പുറം ഏലാ പാലനിരപ്പ് രാമൻകുന്ന്മുക്ക് റോഡ് | പ്രവൃത്തി പുരോഗമിക്കുന്നു. പാർട്ട് ബിൽ നൽകിയിട്ടുണ്ട്. സൈറ്റിലെ തർക്കം കാരണം പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ട്. |
| 10 | പെരിനാട് | ഇംപ്രൂവ്മെന്റ്സ് ഓഫ് സ്റ്റാർച്ച് ജംഗ്ഷൻ ബ്ലാവത്ത് കൈതാകോടി റോഡ് കുണ്ടറ–പെരിനാട് ഗ്രാമപഞ്ചായത്ത് | ടാറിംഗ് ഒന്നാം ഘട്ടം പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാംഘട്ടം നടന്നുകൊണ്ടിരിക്കുന്നു. |
| 11 | പെരിനാട് | ഇംപ്രൂവ്മെന്റ്സ്ചെമ്മക്കാട് സെന്റ് സെബാസ്റ്റ്യൻ തോട്ടുമുഖത്ത് കടവ് വില്ലേജ് ഓഫീസ് ജംഗ്ഷൻ റോഡ് | WMM വിരിച്ചിട്ടുണ്ട്. റീടാറിംഗ്, കോൺക്രീറ്റിംഗ് പ്രവൃത്തികൾ ചെയ്യുവാനുണ്ട്. |